**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5145** **14-03-2023 - ൽ മറുപടിയ്ക്ക്**

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ 2023 വരെയുള്ള കാലയളവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗത്വം എടുത്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ; | (എ) | **2021 ജനുവരി മുതൽ 2023 ഫെബ്രുവരി വരെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1,18,221 പേർ അംഗത്വം എടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | സംസ്ഥാനത്തെ മുഴുവൻ മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ടോ; അർഹത ഇല്ലാത്തവർക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 11,05,207 തൊഴിലാളികൾ അംഗങ്ങൾ ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ മുഴുവൻ മോട്ടോർ തൊഴിലാളികളേയും ക്ഷേമനിധിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത്, താലൂക്ക്, ജില്ലാ തലങ്ങളിൽ ബോധവത്കരണ ക്യാമ്പുകൾ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പുകൾ, ക്യാമ്പ് സിറ്റിംഗുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി അനുശാസിക്കും പ്രകാരം തൊഴിലാളികൾക്ക് അംഗത്വം നൽകി വരുന്നു. അർഹത ഇല്ലാത്തവർക്ക് അംഗത്വം നൽകിയത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവർക്ക് എന്തെല്ലാം ആനുകൂല്യം നൽകി വരുന്നുവെന്ന് വിശദമാക്കാമോ? | (സി) | **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്കായി പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, സ്വയം വിരമിക്കൽ പെൻഷൻ, മരണാനന്തര - അപകട മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാരത്തിന്, കിടത്തി ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2021 ജനുവരി മുതൽ 2023 ഫെബ്രുവരി വരെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ**

| ജില്ല | തൊഴിലാളികൾ |
|---|---|
| തിരുവനന്തപുരം | 15308 |
| കൊല്ലം | 8835 |
| പത്തനംതിട്ട | 3385 |
| ആലപ്പുഴ | 5819 |
| കോട്ടയം | 6976 |
| എറണാകുളം | 14098 |
| ഇടുക്കി | 5062 |
| തൃശ്ശൂർ | 10839 |
| പാലക്കാട് | 8060 |
| മലപ്പുറം | 14028 |
| വയനാട് | 2586 |
| കോഴിക്കോട് | 9818 |
| കണ്ണൂർ | 9420 |
| കാസർഗോഡ് | 3987 |
| ആകെ | 118221 |

Supriya

സെക്ഷൻ ഓഫീസർ